Official Monthly Bulletin May 2026

# MARIAN




## ST. MARY'S INDIAN ORTHODOX CATHEDRAL

P.O. Box 834, Manama, Kingdom of Bahrain, Tel : 17252980
Email : info@stmarybahrain.com, Web : www.stmarybahrain.com/smiocbh

# ഉത്ഥിതൻ വിളമ്പുന്ന പ്രാതൽ



ഉത്ഥിതൻ എങ്ങനെയായിരിക്കും നമ്മുടെ ജീവിതത്തിലേക്ക് ഇടപെടൽ നടത്തുന്നത്. വി. യോഹന്നാന്റെ സുവിശേഷം 21-ാം അദ്ധ്യായം ആ ദിശയിലേക്കുള്ള നല്ലൊരു വിവരണമാണ്

യേശു ക്രൂശിക്കപ്പെട്ടു, അടക്കപ്പെട്ടു, ഉത്ഥിതനായി അവനെ സ്നേഹിച്ച ശിഷ്യന്മാർക്ക് അവന്റെ സജീവസാന്നിദ്ധ്യം കൈവിട്ടുപോയി. ഇന്നലെവരെ യേശു തൊടാവുന്ന ദൂരത്തിലുണ്ടായിരുന്നു. കേൾക്കാവുന്ന അകലത്തിലുണ്ടായിരുന്നു. എന്നാൽ ഇന്നാകട്ടെ ക്രിസ്തു ഒരു ഓർമ്മയായി പതുക്കെപ്പതുക്കെ ചുരുങ്ങുകയാണ്. ക്രിസ്തുവിന്റെ ആ സാന്നിദ്ധ്യബോധം കൈവിട്ടുപോകുമ്പോൾ അവർ തങ്ങളുടെ പഴയ വഴിയിലേക്ക് മടങ്ങുകയാണ്. ഉപേക്ഷിച്ച തീരങ്ങളിലേക്കും, അതേ വഞ്ചികളിലേക്കും.

ആർക്കും ജീവിതത്തിൽ സംഭവിക്കാവുന്ന ദുരന്തമാണിത്. ഏഴുപേർ ഒരു രാവു മുഴുവൻ വലയെറിഞ്ഞിട്ടും ഒരു ചെറുമീൻ പോലും കുരുങ്ങിയില്ല എന്നു പറയുന്നതിന്റെ പാഠമെന്താണ്? എന്തൊക്കെയോ സമൃദ്ധമായി ജീവന്റെ പാഠങ്ങൾ പഠിപ്പിക്കുവാൻ വേണ്ടി ആ മത്സ്യങ്ങൾ ഒളിച്ചുകളിയിൽ ഏർപ്പെട്ടതുപോലെ.

ഉത്ഥിതൻ നമുക്കു ജീവിതത്തിലേക്ക് ഉഷസ്സായി പ്രവേശിക്കുമ്പോൾ, പാഴായിപ്പോകുന്ന അദ്ധ്വാനങ്ങളും, പതിരായി മാറുന്ന വിളവെടുപ്പുമെല്ലാം പുലർക്കാല സൂര്യനെപ്പോലെ ഉത്ഥിതൻ ഉദിച്ചിരിക്കുന്ന അനുഭവമായി മാറും.

ഈ വലതുവശം നന്മയുടെയും വിനയത്തിന്റേയും കനിവിന്റെയും പല ഭാഗമാണ്. കടന്നുപോയ അപരാധങ്ങളുടെ ദിനങ്ങളൊക്കെ മറന്ന്, ഇടറിയ നിമിഷങ്ങളെ കൈവിട്ട്, ഇനി പതുക്കെപ്പതുക്കെ വലതുഭാഗത്തേയ്ക്ക് പിച്ച വച്ചു നടക്കാം.

വലതുഭാഗത്തേയ്ക്കുള്ള തിരിവ് നമുക്ക് വ്യത്യസ്തമായ ജീവിത താളവും ജീവിത ക്രമവും തരും.

ശുഭകാലങ്ങളിൽ ഉത്ഥിതൻ പിൻപിലുണ്ട് ദുഖകാലങ്ങളിൽ ഉത്ഥിതൻ കൂടെ ഉണ്ട്. ഈ അറിവ് നമ്മുടെ തിരിച്ചറിവായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.


2023 ജൂൺ 15 ന് ആണ് ഞാൻ ഇവിടെ എത്തിയത്. 2026 ജൂണിൽ മൂന്നു വർഷം തികയുന്നു. എന്റെ ശുശ്രൂഷാക്കാലം പൂർത്തിയാക്കി. മുംബയിലേക്ക് തിരികെയുള്ള യാത്രയ്ക്ക് സമയമായി.

കഴിഞ്ഞ മൂന്നു വർഷക്കാലം നിങ്ങളുടെ പുരോഹിതനായി ദൈവമാതാവിന്റെ മദ്ധ്യസ്ഥത അനുഭവിച്ചറിഞ്ഞ് നിങ്ങളുടെ സുഖദുഃഖങ്ങളിൽ ചേർന്ന് നിൽക്കുവാൻ തമ്പുരാൻ തന്ന ദിവസങ്ങളെ സ്നേഹപൂർവ്വം എന്നാളും ഹൃദയത്തോട് ചേർത്ത് പിടിക്കുന്നു.

ആവേശപൂർവ്വമായ് ആദിഫലപ്പെരുന്നാളുകളും, ക്രിസ്തുമസ് കരോളുകളും, ഏരിയ പ്രെയർ ഫെല്ലോഷിപ്പുകളും, ഗെറ്റ് ടുഗതറുകളും, സണ്ടേസ്കൂൾ, ഒ.വി.ബി.എസ്., സമ്മർ ക്യാമ്പ്, എസ്.റ്റി.ഒ.സി.വൈ.എം., എം.എം.വി.എസ്., ഗാവൽസ് ക്ലബ്ബ്, ആമോസ്സ്, കത്തീഡ്രൽ ക്വയർ, മെഡിക്കൽ ഓക്സിലറി ഫോറം, സെന്റ് പോൾസ് സുവിശേഷ സംഘം, ദിവ്യബോധനം, എം.ജി.ഓ.സി.എസ്.എം. സംഘടനാ പ്രവർത്തനങ്ങൾ എൽഡേഴ്സ് ഫോറം പേരു മാറ്റി എസ്.ജെ.ഒ.എഫ്. ആയി മാറിയതും എസ്.ഡി.ഒ.എഫ്.ന്റെ പ്രവർത്തനം ആരംഭിച്ചതും എല്ലാം ഹൃദയവയലിൽ പച്ചപ്പുള്ള സമൃദ്ധിയുള്ള ഓർമ്മകളായിരിക്കും എന്നും കൂടെ പ്രവർത്തിച്ച 4 ഇടവക മാനേജിങ്ങ് കമ്മിറ്റിയേയും, ഓഫീസ് ബിയറേഴ്സിനേയും സ്നേഹപൂർവ്വം ഓർക്കുന്നു. കൂടെ പ്രവർത്തിച്ച വന്ദ്യ പുരോഹിതന്മാരെ സ്നേഹപൂർവ്വം ഓർക്കുന്നു. പലപ്പോഴും ഭക്ഷണത്തിന് അല്പം കൂട്ടാനും, കറികളും കൊണ്ടുവന്നു തന്ന ഇടവക മക്കളേയും നന്ദിയോടെ സ്മരിക്കുന്നു. എപ്പോഴും കൂടെ നിന്ന് പ്രവർത്തിച്ച ഇടവകയുടെ പ്രധാന ശുശ്രൂഷകൻ സുനിൽ കുമാർ എം.സി.യേയും, കെയർടേക്കർ റ്റിജോ ജോസഫിനേയും സ്നേഹപൂർവ്വം ഞാൻ ഓർക്കുന്നു.

ഉത്ഥിതൻ ആ പുലർ വേളയിൽ ചോദിച്ച് തുടങ്ങിയ ആ ചോദ്യം, സ്നേഹത്തിന്റെ കുളിർമ്മയായി ഹൃദയത്തിൽ നിലനിൽക്കട്ടെ. എന്നും പ്രാർത്ഥനയോടും, സ്നേഹത്തോടും കൂടെ

റവ. ഫാ. ജേക്കബ് തോമസ് കാരയ്ക്കൽ
(വികാരി)



# വിശുദ്ധിയുടെ കാവൽ മാടം



വി. ഗീവർഗീസ് സഹദാ

സഹനത്തിന്റെയും, ത്യാഗത്തിന്റെയും വിശുദ്ധിയുടേയും ദൃഷ്ടാന്തം മനുഷ്യ ജീവിതത്തിന്റെ ഏറ്റവും മഹത്തരമായ ഗുണങ്ങളിൽ ഒന്നാണ് പരസഹനം അഥവാ മറ്റുള്ളവർക്കുവേണ്ടിയുള്ള ത്യാഗസന്നദ്ധത.

ഇന്നത്തെ ലോകം പലപ്പോഴും വ്യക്തിപരമായ നേട്ടങ്ങൾക്കും സ്വാർത്ഥതാൽപര്യങ്ങൾക്കും അമിതപ്രാധാന്യം കൽപ്പിക്കുന്ന ഒരു കാലഘട്ടമാണ് നമ്മെ പ്രകാശത്തിലേക്ക് നയിക്കുന്ന ആളുകൾ തുലോംകുറഞ്ഞിരിക്കുന്നുഎന്നുതന്നെമനസിലാക്കാം. മറ്റൊരാളുടെദുഃഖത്തിൽപങ്കാളിയാകുവാനും പരകീയ സഹനത്തിന്റെ പ്രകാശം നൽകുവാനുള്ള മനോഭാവം മനുഷ്യരെ തമ്മിൽ ബന്ധിപ്പിക്കുന്ന ശക്തിയാണ് ഇത് വെറും ദയയോ കരുണയോ മാത്രമല്ല പ്രവർത്തിയിലൂടെ പ്രകടമാകുന്ന സ്നേഹമാണ് ഒരാളുടെ വിഷമത്തിൽ പങ്കാളിയാവുക അയാളെ അവശ്യ ഘട്ടങ്ങളിൽ സ്വന്തം ശക്തി, ബുദ്ധി, സമയം ഇവനൽകി സഹായിക്കുകയും സ്വന്തസുഖങ്ങൾ പോലും ത്യജിച്ച് അവർക്കുവേണ്ടി വിട്ടുകൊടുക്കുകയും ചെയ്യുക ഇതാണ് സഹനം.

ചരിത്രത്തിൽ ഇടം നേടിയ പല മഹാത്മാക്കളും ഈ ഉദാഹരണങ്ങളായി നിലകൊള്ളുന്ന വരാണ് ദൈനം ദിന ജീവിതത്തിൽ ഇതു പാഠമായി വളർത്തുവാൻ നമുക്കു ശ്രമിക്കാം.

ക്രിസ്തീയ ജീവിത വിശ്വാസ ചരിത്രത്തിൽ ധൈര്യത്തിന്റെയും, ത്യാഗത്തിന്റെയും പ്രതീകമായി നിലകൊള്ളുന്ന ഒരു മഹാനായ രക്തസാക്ഷിയാണ് വി. ഗീവർഗീസ് സഹദാ. ക്രിസ്തുവിനോടുള്ള അഗാധമായ വിശ്വാസവും അതിനുവേണ്ടി സഹിച്ച ത്യാഗങ്ങളും വീരോചിതമായ ഒരു വീരേതിഹാസ കഥാപാത്രമായി അദ്ദേഹത്തിന് ഇടം നൽകി.

റോമൻ സാമ്രാജ്യ കാലത്ത് ക്രിസ്ത്യാനികൾക്കെതിരായ പീഡനങ്ങൾ ശക്തമായിരുന്നു. ഈ കാലഘട്ടത്തിൽ ജീവിച്ചിരുന്നതിനാൽ ഒരു റോമൻ സൈന്യാധിപനായിരുന്ന ഉന്നത സേവനതൽപ്പരനായിരുന്ന ഒരാൾക്കും ലഭിക്കുവാൻ പാടില്ലാത്ത അത്ര പീഢകൾ നേരിടേണ്ടി വന്ന ഒരാളാണ് ഗീവർഗീസ് സഹദാ. എന്നാൽ ക്രിസ്തുവിലുള്ള വിശ്വാസം ഒരിക്കലും അദ്ദേഹം നിഷേധിച്ചില്ല അധികാരമോ സ്ഥാനമോ നഷ്ടപ്പെടും എന്നുള്ള ഭയവും വിശ്വാസത്തിൽ നിന്നും അദ്ദേഹത്തെ പിൻതിരിപ്പിച്ചില്ല, രക്തസാക്ഷി മരണത്തിലൂടെ വിശ്വാസത്തിന്റെ ജയം ഘോഷിക്കുകയാണുണ്ടായത്.

അദ്ദേഹത്തെപ്പറ്റിയുള്ള കഥകളിൽ ദുഷ്ടതയുടെയും പൈശാചികതയുടേയും പ്രതികമായിരുന്ന ഡ്രാഗണിനെ വധിച്ച ഒരു സംഭവമുണ്ട് . ഈ കഥ ദൈവത്തിലുള്ള അചഞ്ചല വിശ്വാസത്താൽ ഏതു തിന്മയെയും അതിജീവിക്കുവാൻ നമുക്കു കഴിയുമെന്ന ഒരു നന്മയുടെ പാഠം നമുക്കുനൽകുന്നു. പുതിയ തലമുറകൾക്ക് പാഠമാകുന്ന മറ്റനേകരും വി. ബൈബിളിൽ കഥാപാത്രങ്ങളായുണ്ട് വീരേതിഹാസ കഥകളിൽ ആലേഖനം ചെയ്യപ്പെട്ട മറ്റനേകം മഹാരഥന്മാരുടെ കഥകളുമുണ്ട്, ഇവരെല്ലാം കാട്ടിത്തരുന്ന മാർഗ്ഗങ്ങൾ പുതിയ തലമുറക്കായ് പ്രചോദനമാകേണ്ടതാണ്.

സഹദാ സ്തേഫാനോസ്, സെന്റ് സെബസ്ത്യനോസ് പഴയനിയമ പ്രവാചകനായ ദാനിയേൽ, മാർട്ടിൻ ലൂഥർ കിങ്, ഇങ്ങനെ അനീതിക്കെതിരെ പോരാടിയവരുടെ കഥകൾ നമുക്കു നൽകുന്ന പാഠങ്ങൾ നമ്മുടെ പുതിയ തലമുറക്ക് അനുഭവ സമ്പത്തുള്ള ഒരു സത്യാന്വേഷണ പരീക്ഷണ ത്തിലേക്ക് മഹാത്മാ ഗാന്ധിയെപ്പോലെ നമ്മെയും നമ്മുടെ തലമുറയേയും നയിക്കേണ്ടതുണ്ട് എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ! ആശംസകളോടെ!

റവ. ഫാ. തോമസ്കുട്ടി പി.എൻ.
അസിസ്റ്റന്റ് വികാരി





MESSAGE FROM

# Hon. Trustee & Hon. Secretary

കർത്താവിൽ പ്രിയരേ,

ദൈവത്തിന്റെ അനന്തകൃപയാൽ നാം മറ്റൊരു പുതിയ മാസത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ നമ്മെ കൈപിടിച്ചു നയിച്ച ദൈവത്തോടു നന്ദി അർപ്പിക്കാം. ഓരോ അനുഗ്രഹവും അവന്റെ സ്നേഹത്തിന്റെ അടയാളമാണെന്ന് മനസ്സിലാക്കി, നന്ദിയുള്ള ഹൃദയത്തോടെ മുന്നോട്ട് പോകാൻ നമുക്ക് കഴിയട്ടെ.

ഈ പുതിയ മാസം നമ്മുടെയെല്ലാം ആത്മീയജീവിതത്തിൽ പുതുക്കലിന്റെയും വളർച്ചയുടെയും സമയമാകട്ടെ. പ്രാർത്ഥനയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയും ദൈവവചനം കേൾക്കുകയും അതനുസരിച്ച് ജീവിക്കാനും നമുക്ക് പരിശ്രമിക്കാം. നമ്മുടെ ജീവിതത്തിലെ എല്ലാ തീരുമാനങ്ങളിലും ദൈവത്തിന്റെ ഇഷ്ടം അന്വേഷിക്കാനുള്ള മനസ്സ് നമ്മിൽ ഉണ്ടാകട്ടെ.

ഇടവക ജീവിതം സ്നേഹത്തിൻറെയും ഐക്യത്തിൻറെയും അടിസ്ഥാനം ആയിരിക്കണം. എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കുചേർന്ന്, പരസ്പരം കൈത്താങ്ങായി നിന്നുകൊണ്ട്, ദൈവത്തിന്റെ സ്നേഹം മറ്റുള്ളവരിലേക്ക് പങ്കുവെക്കാൻ നമുക്ക് കഴിയട്ടെ. ബുദ്ധിമുട്ടുകളും പരീക്ഷണങ്ങളും നേരിടുന്ന സഹോദരങ്ങളെയും സഹോദരിമാരെയും ഓർത്ത്, അവർക്കായി പ്രാർത്ഥിക്കുകയും സഹായഹസ്തം നീട്ടുകയും ചെയ്യുക എന്നത് നമ്മുടെ ക്രൈസ്തവ കടമയാണ്.

നമ്മുടെ കുടുംബങ്ങൾ പ്രാർത്ഥനയുടെ കേന്ദ്രങ്ങളാകട്ടെ. സ്നേഹം, ക്ഷമ, സഹനം എന്നിവ ഓരോ വീട്ടിലും നിറഞ്ഞുനിൽക്കട്ടെ. കുട്ടികൾക്കും യുവജനങ്ങൾക്കും ആത്മീയ മൂല്യങ്ങൾ പകർന്നു നൽകാൻ നമുക്ക് ശ്രദ്ധിക്കാം.

വിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുന്നാൾ അനുഗ്രഹപൂർവ്വം നടത്തപ്പെട്ടു. അതിന് ചെറുതും വലുതുമായി സഹകരിച്ച എല്ലാ ഇടവകജനങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു.

കഴിഞ്ഞ മൂന്ന് വർഷമായി ഇടവകയെ അസിസ്റ്റന്റ് വികാരിയായും വികാരിയായും നയിച്ച ബഹുമാനപ്പെട്ട ജേക്കബ് തോമസ് അച്ചൻ ഈ മാസം അവസാനത്തോടെ നാട്ടിലേക്ക് മടങ്ങുകയാണ്. അച്ചന് എല്ലാവിധ ആശംസകളും ദൈവാനുഗ്രഹങ്ങളും നേരുന്നു. അതുപോലെതന്നെ പുതിയ വികാരിയായി ചുമതലയേൽക്കുന്ന തോമസ്കുട്ടി അച്ചനെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ.

ദൈവസന്നിധിയിൽ കൂടുതൽ അടുക്കാനും വിശ്വാസത്തിൽ ഉറച്ചുനിൽക്കാനും നമുക്ക് കഴിയട്ടെ. നാം ചെയ്യുന്ന എല്ലാത്തിലും ദൈവത്തിന്റെ മഹത്വം പ്രകടമാകട്ടെ.

ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ.

പ്രാർത്ഥനയോടെ...

സ്നേഹപൂർവ്വം,

ജോൺ കെ.പി.
(കത്തീഡ്രൽ ട്രസ്റ്റി)

കുരുവിള പാപ്പി (എബി)
(കത്തീഡ്രൽ സെക്രട്ടറി)

# HOLY QURBANA SCHEDULE MAY 2026

| | | |
|---|---|---|
| Friday | 1, 8,15, 22, 29 | 6.30 AM |
| Saturday | 2, 9, 16, 30 | 6.15 PM |
| Wednesday | 6, 20, 27 | 6.15 PM |
| Swargarohana Perunnal | 13 | 6.15 PM |
| Pentecosti Perunnal | 23 | 6.15 PM |
| Saphiro Family | Once in a Month | |

## SPIRITUAL ORGANIZATION'S MEETINGS & EVENTS


| Spiritual Organization | Meeting/Acitivity | Timing |
|---|---|---|
| Amoss | Thursday's | After evng. prayer |
| Cathedral Choir | Practice on Monday's | 7.45 PM - 9.30 PM |
| Divyabodhanam | Monday's & Tuesday's | 8.00 PM - 9.30 PM |
| Gavels Club | 2nd Friday<br>4th Friday | 5.00 pm - 6:00 pm<br>12:30 pm - 1:30 pm |
| MGOCSM | Friday's (except 4th Friday) | 12.30 PM - 1.30 PM |
| Martha Mariam Vanitha Samajam | Thursday's | 6.00 PM - 7.00 PM |
| Medical Auxiliary Forum | First Friday | After Holy Qurbana |
| St. Dionysius Orthodox Fellowship | 1st & 3rd Wednesday | 8.30 PM - 10.00 PM |
| St. Joseph Orthodox Fellowship | Fourth Wednesday | After Holy Qurbana |
| St. Paul's Suvisesha Sangham | Sunday's | 7.40 PM - 9.00 PM |
| St. Thomas Orthodox Christian Youth Movement | Saturday's | 8.30 PM - 10.00 PM |
| Sunday School | Friday's | 10.30 AM - 12.30 PM |

## ആദരാഞ്ജലികൾ



**Mrs. Saumya Mery Mathew (38)**
Former Cathedral Member (Edavaka Reg. No. 3394)
Taken to Heavenly abode on : 30/04/2026

## ആദരാഞ്ജലികൾ



**Mr. Cherian cheeran Vareed (73)**
Former Cathedral Member (Edavaka Reg. No. 975)
Taken to Heavenly abode on : 17/04/2026

# AREA PRAYER MEETING

| DATE & TIME | AREA | HOST & VENUE |
|---|---|---|
| 01/05/2026<br>5:00 PM | Riffa - Sitra | Mr. John K. Alex (Roll No. 608)<br>Mob : 39771831<br>*Venue:* Flat 35, Bldg. 1250, Road 1123, Block 911, East Riffa |
| 01/05/2026<br>6:00 PM | Sh. Hamad - Gufool | Mr. Geevarghese John (Roll No. 1797)<br>Mob : 39079320<br>*Venue:* Church Balcony |
| 01/05/2026<br>6:00 PM | Church Area South | Mr. Shaju Mathew (Roll No. 2265)<br>Mob : 37237869<br>*Venue:* Theophilos Hall |
| 01/05/2026<br>7:30 PM | Manama | Mr. Babu Punnoose (Roll No. 118)<br>Mob : 39657111<br>*Venue: Flat 91, Bldg. 709, Road 1708, Block 317,* Diplomatic Tower II |
| 08/05/2026<br>5:00 PM | Salmabad - Budaiya | **AREA GET TOGETHER** |
| 15/05/2026<br>5:00 PM | Isa Town - Tubli | Mr. Tijo Abraham (Roll No. 2329)<br>Mob : 38408131<br>*Venue:* Theophilos Hall |
| 15/05/2026<br>6:00 PM | Adiliya - Um Al Hassam | Mr. Sajin Hentry (Roll No. 2482)<br>Mob : 37513751<br>*Venue:* Flat 53, Bldg 237, Road 3905, Block 339 |
| 15/05/2026<br>6:00 PM | Salmaniya | Mr. Santhosh Thampan (Roll No. 2906)<br>Mob : 39771831<br>*Venue:* Flat 22, Bldg. 387, Road 2907, Block 329 |
| 15/05/2026<br>7:30 PM | Khamis - Sehla | Mr. Soman Baby (Roll No. 78)<br>Mob : 3962 9123<br>*Venue:* Villa 1, Nabeel Garden, Sh. Salaman Highway, Road - 5833 , Block - 358, Zinj |
| 22/05/2026<br>5:00 PM | Riffa - Sitra | Mr. Liju Abraham (Roll No. 1117)<br>Mob : 39285166<br>*Venue:* F -31,Bldg-283, Road-111, Block -901 |
| 22/05/2026<br>6:00 PM | Gudaibiya - Hoora | Mr. Santhosh V. John (Roll No. 109)<br>Mob : 39285166<br>*Venue:* Church Balcony |
| 22/05/2026<br>7:30 PM | Church Area North | **To be Announced** |
| 22/05/2026<br>7:30 PM | Segaya - Zinj | Mr. Binoy Abraham (Roll No. 1618)<br>Mob : 39762884<br>*Venue:* Theophilos Hall |
| 29/05/2026<br>7:30 PM | Muharraq | Mr. Romy Vilayil Mathew (Roll No 2726)<br>Mob : 39982295<br>*Venue:* Flat 32, Bld. 1444, Road 1117, Block 111, Hidd |

# FAREWELL



Mr. Aju T Koshy, Alona Susan Aju, Alaneo Koshy Aju (Roll No: 1002)



Mr. Joel Sam Babu (Roll No: 2763)



Ms. Dhiya Mariam Biji, (Roll No. 2878)
D/o Mr. Bijimon P Y & Mrs. Jaissy Thomas



Ms. Evelina Maria Anish (Roll No. 988)
D/o Mr. Anish Markose Philip & Mrs. Sonia Anish

# NEW MEMBERS



| | | |
|---|---|---|
| Manoj K. John | Mob : 34513530 | Roll No : 3116 |
| Kattupurathu House, Anchelpetty P.O.,<br>Muvattupuzha, Ernakulam, Kerala, Pin - 686667 | | |
| Home Parish : St. Thomas Orthodox Syrian Church | | |
| Diocese : Kandanad | | |
| Prayer Group : Adiliya - Um Al Hassam | | |



| | | |
|---|---|---|
| Nixon Varghese | Mob : 34370657 | Roll No : 3117 |
| Thottiyattu House, Angadical P.O.,<br>Chengannur, Alappuzha, Kerala, Pin - 689122 | | |
| Home Parish : Mar Gregorious Orthodox Syrian Church, Perrissery East | | |
| Diocese : Chengannur | | |
| Prayer Group : Adiliya - Um Al Hassam | | |



| | | |
|---|---|---|
| Renju Rajan | Mob : 38857892 | Roll No : 3118 |
| Palavila Puthen Veedu, Karuvatta, Adoor P.O.,<br>Pathanamthitta, Kerala, Pin - 691523 | | |
| Home Parish : St. Mary's Orthodox Church, Karuvatta | | |
| Diocese : Adoor-Kadampanad | | |
| Prayer Group : Gudaibiya - Hoora | | |


## EDITORIAL BOARD

CHIEF EDITOR



Richi Mathew Joshua

EDITOR



Romy Vilayil Mathew

EDITOR




Aju K. Daniel


Favours Received
Shinu Thankachan & Family
(Roll No. 3107)
Mob : 3310 3361

തന്റെ 3 വർഷം സേവനം കഴിഞ്ഞ്
നാട്ടിലേക്ക് തിരികെ പോകുന്ന
**റവ. ഫാ. ജേക്കബ് തോമസ് കാരയ്ക്കൽ അച്ചനും,**
**കുടുംബത്തിനും**
സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രലിന്റെ
**യാത്രാമംഗളാശംസകൾ**
നേർന്നു കൊള്ളുന്നു.



Rev. Fr. Jacob Thomas Karakkal,
Merin Preetha Jacob,
Achsah Elza Jacob, Aaron Thomas Jacob


Favours
Received
Well Wisher